LIBRARY ARCHIVES Kerala Legislative Assembly

ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ്

47 (657) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം ഫൊറോന ദേവാലയത്തോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അത് പുതുക്കി നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡിനുള്ളിലായതിനാൽ അടിയന്തരമായി പരിഹരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കുട്ടനാട്ടിലെ പാലങ്ങളും കലുങ്കുകളും നിർമ്മിക്കുമ്പോൾ അപ്രോച്ച് റോഡ് കരിങ്കല്ല് കെട്ടി നിർമ്മിക്കുന്നതുമൂലം പിന്നീട് ഇടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ നിർമ്മാണം പൂർത്തിയായ പാലങ്ങളുടെ അപ്രോച്ച് റോഡ് സെറ്റിൽമെന്റുണ്ടാകുന്നത് അവിടത്തെ മണ്ണിന്റെ പ്രത്യേക ഘടനമൂലമാണ്. ആദ്യ വർഷങ്ങളിൽ സെറ്റിൽമെന്റ് കൂടുന്നതായും പിന്നീട് കുറയുന്നതായും കണ്ടുവരുന്നു. അപ്രോച്ച് റോഡിന്റെ കേടുപാടുകൾ പരിഹരിച്ച് ഗതാഗതയോഗ്യമാക്കാറുണ്ട്.

(ഡി) കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത പരിഗണിച്ച് അവിടെ നിർമ്മിക്കുന്ന എല്ലാ കലുങ്കുകളുടെയും പാലങ്ങളുടെയും അപ്രോച്ച് റോഡ് കോൺക്രീറ്റിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുട്ടനാട്ടിൽ നിലവിൽ നിർമ്മിക്കുന്ന പാലങ്ങളെല്ലാംതന്നെ ഭൂപ്രകൃതി അനുസരിച്ച് ശാസ്ത്രീയമായ രീതിയിൽ കോൺക്രീറ്റ് ലാൻഡ് സ്പാൻ നൽകിയാണ് രൂപകൽപ്പന ചെയ്തുവരുന്നത്.

കോഴിക്കോട് - പാലക്കാട് ദേശീയപാതയിലെ റംപിൾ സ്ട്രിപ്പ്

48(658) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പാലക്കാട് ദേശീയ പാതയിൽ മലപ്പുറം മുതൽ ജില്ലാ അതിർത്തിയായ പതിനൊന്നാം മൈൽ വരെ റോഡിൽ അപകടകരമാംവിധം റംപിൾ സ്ട്രിപ്പ് സ്ഥാപിച്ചതുമൂലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.